## 'PRABHA' - Project of CRC Kozhikode, 03.06.21

ജിഎസ്ടി നിരക്ക് 28% ആയതിനാൽ സർക്കാരിനു വില വർധനമൂലം വരുമാനമുണ്ട്.

# കോവിഡ് വാക്സീൻ സംബന്ധിച്ച് ഭിന്നശേഷിക്കാരുടെ ആശങ്ക പരിഹരിക്കും: എസ്.എച്ച്.പഞ്ചാപകേശൻ

കോഴിക്കോട് ● കോവിഡ് വാക്സീൻ സംബന്ധിച്ച് ഭിന്നശേഷി കുട്ടികളുടെയും രക്ഷിതാക്കളുടെയും ആശങ്ക പരിഹരിക്കുമെന്നു കേരള സംസ്ഥാന ഭിന്നശേഷി കമ്മിഷണർ എസ്.എച്ച്.പഞ്ചാപകേശൻ അറിയിച്ചു. കോവിഡ് വ്യാപനം ശക്തമായ രണ്ടാം തരംഗത്തിൽ ഭിന്നശേഷി കുട്ടികളും അവരുടെ രക്ഷിതാക്കളും അനുഭവിക്കുന്ന പ്രശ്നങ്ങൾ ഉൾപ്പെടുത്തിയ വെബിനാർ സീരീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്ര സാമൂഹിക നീതി മന്ത്രാലയത്തിനു കീഴിൽ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കോമ്പസിറ്റ് റീജനൽ സെന്റർ ഫോർ പഴ്സൺസ് വിത്ത് ഡിസബിലിറ്റീസ്, മലപ്പുറം ആസ്ഥാനമായുള്ള മഅ്ദിൻ ഏബിൾ വേൾഡ്, ഇൻക്ലൂസീവ് പാരന്റ്സ് അസോസിയേഷൻ എന്നിവ ചേർന്നാണ് വെബിനാർ സീരീസ് നടത്തുന്നത്.

ഭിന്നശേഷി വ്യക്തികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അവരുടെ അവകാശങ്ങൾ എന്നിവയെക്കുറിച്ചു ബോധവൽക്കരണം നടത്തുമെന്നും അദ്ദേഹം പറഞ്ഞു. കോവിഡ് കാലത്തു ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ മാർഗനിർദേശങ്ങളും തെറപ്പി രീതികളും പരിചയപ്പെടുത്തുന്ന ഓൺലൈൻ വിഡിയോ ലൈബ്രറിയുടെ പ്രകാശനവും പരിപാടിയുടെ ഭാഗമായി നടന്നു. ചടങ്ങിൽ നിപ്മെഡ് - ചെന്നൈ ഡയറക്ടർ നചികേത റൗത് ആധ്യക്ഷ്യം വഹിച്ചു. സിആർസി - കേരള ഡയറക്ടർ ഡോ. കെ.എൻ.റോഷൻ ബിജ്‌ലി , ഇൻക്ലൂസീവ് പാരന്റ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സി.പി.അനിൽ കുമാർ, ഏബിൾ വേൾഡ് ചീഫ് ഓപ്പറേറ്റിങ് ഓഫിസർ മുഹമ്മദ് അസറത്ത്, റീഹാബിലിറ്റേഷൻ ഓഫിസർ ഗോപിരാജ് എന്നിവർ പ്രസംഗിച്ചു.

എഫ്6/35582/2021 മുനിസിപ്പൽ കോർപ്പറേഷൻ ഓഫിസ്,

DISTRICT NIRMITHI KEN
(Kerala Govt. Accredi
4th FLOOR, C - BLOCK, CIVIL S

സുപ്രഭാതം

# ഭിന്നശേഷിക്കാരുടെ സംരക്ഷണം ഉറപ്പാക്കണം: എം.കെ രാഘവൻ എം.പി

കോഴിക്കോട്: കൊവിഡ് രണ്ടാംതരംഗത്തിൽ കൂടുതൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന ഭിന്നശേഷിക്കാർക്ക് ആവശ്യമായ കരുതലും ശ്രദ്ധയും നൽകൽ സാമൂഹികവും വ്യക്തിപരവുമായ ബാധ്യതയാണെന്ന് എം.കെ രാഘവൻ എം.പി.

ഭിന്നശേഷിക്കാർക്കു ലഭ്യമായ വിവിധ സേവനങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച 'പ്രഭ' പദ്ധതി ഓൺലൈനായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലയിലെ മുപ്പതിനായിരത്തോളം വരുന്ന ഭിന്നശേഷിക്കാരുമായി ഫോണിലൂടെ നേരിട്ട് സംവദിക്കുന്ന 'പ്രഭ' പദ്ധതി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.ആർ.സി, കോഴിക്കോട് കണക്റ്റഡ് ഇനിഷ്യേറ്റീവ്, നാഷനൽ സർവീസ് സ്കീം കോഴിക്കോട്, മഅ്ദിൻ ഏബിൾ വേൾഡ് മലപ്പുറം എന്നിവയുടെ ശ്രമഫലമായാണ് നടപ്പാക്കുന്നത്. വിവിധ സ്കൂളുകളിലെ എൻ.എസ്.എസ് വളണ്ടിയർമാരാണ് ഭിന്നശേഷിക്കാർക്കായി ബോധവൽക്കരണം നടത്തുന്നത്. കൊവിഡ് കാലത്ത് ഭിന്നശേഷിക്കാർക്ക് സേവനം നൽകുന്നതിനു വേണ്ടി 'കോവി കെയർ' എന്ന പേരിൽ ഓൺലൈൻ തെറാപ്പി സേവനങ്ങൾ, മാനസികാരോഗ്യ ഹെൽപ് ലൈൻ, വാക്സിനേഷൻ ഹെൽപ് ഡെസ്ക്, അത്യാവശ്യ ഘട്ടങ്ങളിൽ മരുന്ന്, ആംബുലൻസ് തുടങ്ങിയ സേവനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സി.ആർ.സി ഡയരക്ടർ ഡോ. കെ.എൻ റോഷൻ ബിജിലി പദ്ധതി വിശദീകരിച്ചു. കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയത്തിന് കീഴിൽ ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന നിപ്മെഡിന്റെ ഡയരക്ടർ നജികേത റൗത് അധ്യക്ഷനായി.

Kozhikode Edition
Jun 4, 2021 Page No. 4
Powered by : eReleGo.com